ട്രാക്കോ കേബിളിന്റെ തിരുവല്ല യൂണിറ്റ് നിലനിർത്താനുള്ള നടപടി

34 [1173] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റ് അടച്ചുപൂട്ടൽ ഭീഷണിയിലാണോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശ മാനേജ്മെന്റ് സർക്കാരിനോ പ്ലാനിംഗ് ബോർഡിനോ നൽകിയിട്ടുണ്ടോ;

(സി) ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിന്റെ ശോച്യാവസ്ഥയ്ക്ക് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ട്രാക്കോ കേബിളിന്റെ തിരുവല്ല യൂണിറ്റ് നിലനിർത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേബിളിന്റെ ഉപയോഗം ബി. എസ്. എൻ. എൽ. കുറച്ചതുകൊണ്ടും, രാജ്യത്തെമറ്റ് നാല്പത്തഞ്ചോളം വരുന്ന കേബിൾ ഉൽപ്പാദകർ തമ്മിലുള്ള കടുത്ത മൽസരം നിമിത്തവും കമ്പനിയുടെ തിരുവല്ല യൂണിറ്റിന് ലാഭകരമായി പ്രവർത്തിക്കുന്നതിനുള്ള ഓർഡർ ലഭിക്കുന്നില്ല.

(ബി) കമ്പനിക്ക് ഒരു വികസന പദ്ധതി നിർദ്ദേശിക്കുന്നതിനുവേണ്ടി പ്രശസ്ത കൺസൾട്ടന്റായ എ. എഫ്. ഫെർഗുസൻ ആന്റ് കമ്പനിയെ നിയോഗിക്കുകയും അവരുടെ റിപ്പോർട്ടും അതിന്മേലുള്ള ഡയറക്ടർ ബോർഡിന്റെ അഭിപ്രായങ്ങളും അടങ്ങുന്ന രേഖകൾ കമ്പനി ഇ. ആർ. സി. മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇ. ആർ. സി. അവരുടെ ശുപാർശകൾ പ്ലാനിംഗ് ബോർഡിനു നൽകിയിട്ടുണ്ട്.

(സി) കേബിളിന്റെ ഉപയോഗത്തിൽ ആൾ ഇൻഡ്യാ തലത്തിൽ കുത്തനെ ഉണ്ടായ ഇടിവും ഉൽപ്പന്നത്തിന് ബി. എസ്. എൻ. എൽ. നിശ്ചയിച്ചിട്ടുള്ള ഉൽപ്പാദനച്ചെലവിലും കുറവായ വിലയുമാണ് പ്രധാനപ്പെട്ട കാരണങ്ങൾ.

(ഡി) ഇ. ആർ. ഇ. സി.-യുടെ ശുപാർശകൾ സർക്കാരിന് ലഭിച്ച് പരിശോധിച്ചതിന് ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ട്രാക്കോ കേബിൾ കമ്പനിയിലെ ക്രമക്കേടുകൾ

35 [1174] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ കമ്പനിയിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കണമെന്ന് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളെപ്പറ്റിയാണ് പരാതിയുള്ളത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly